# ലാറ്റിനമേരിക്കൻ വിപ്ലവങ്ങൾ

**19** ആം നൂറ്റാണ്ടിൽ നടന്ന വിപ്ലവം

പത്തൊമ്പതാം നൂറ്റാണ്ടിൽ തെക്കേ അമേരിക്കയിൽ ഉണ്ടായിരുന്ന കോളനികൾ സ്പെയിൻ ഹോളണ്ട് പോർച്ചുഗൽ എന്നീ ലാറ്റിൻ ഭാഷ സംസാരിക്കുന്ന രാജ്യങ്ങളുടെതായിരുന്നു.അതിനാൽ ലാറ്റിനമേരിക്ക എന്ന് വിളിക്കപ്പെട്ടു

ബ്രസീൽ ഏത് രാജ്യത്തിന്റെ കോളനിയായിരുന്നു - പോർച്ചുഗൽ

ലാറ്റിൻ അമേരിക്കൻ വിപ്ലവങ്ങൾക്ക് വിത്തുപാകിയത്

- ഫ്രാൻസിസ്കോ മിറാൻഡ

ലാറ്റിനമേരിക്കൻ വിപ്ലവങ്ങൾ ആരംഭിച്ച രാജ്യം - വെനിസ്വല

ഫ്രാൻസിസ്കോ മിറാൻഡ തുടങ്ങിവച്ചത് പൂർത്തീകരിച്ചത് സൈമൺ ബൊളിവർ ആണ്

ലാറ്റിൻ അമേരിക്കയുടെ വിമോചകൻ എന്നറിയപ്പെടുന്നത്

- സൈമൺ ബൊളിവർ

ലാറ്റിനമേരിക്കയുടെ/തെക്കേ അമേരിക്കയുടെ ജോർജ് വാഷിംഗ്ടൺ

- സൈമൺ ബൊളിവർ

വെനസ്വല ,പെറു ,ഇക്വഡോർ എന്നീ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തത് - സൈമൺ ബൊളിവർ

തെക്കേ അമേരിക്കയുടെ വടക്ക് ഭാഗത്ത് വിപ്ലവങ്ങൾക്ക് നേതൃത്വം കൊടുത്തത് - സൈമൺ ബൊളിവർ

തെക്കുഭാഗത്ത് വിപ്ലവങ്ങൾക്ക് നേതൃത്വം കൊടുത്തത്

- സാൻ മാർട്ടിൻ

ലാറ്റിനമേരിക്കയുടെ മോചനമായി ബന്ധപ്പെട്ട സാൻ മാർട്ടിൻ രൂപീകരിച്ച സൈന്യം - ആൻഡിസ് സൈന്യം

സ്പെയിനിൽ നിന്നും അർജന്റീനക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തത്

- സാൻ മാർട്ടിൻ

ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ രക്തച്ചൊരിച്ചിൽ ഒന്നുമില്ലാതെ സ്വാതന്ത്ര്യം നേടിയ രാജ്യം - ബ്രസീൽ (1822 ല്)

## റഷ്യൻ വിപ്ലവം

ഇരുപതാം നൂറ്റാണ്ടിൽ നടന്ന കമ്മ്യൂണിസ്റ്റ് വിപ്ലവം

റഷ്യൻ വിപ്ലവം നടന്നത് - 1917

റഷ്യയിൽ ഭരിച്ചിരുന്ന ചക്രവർത്തിമാർ അറിയപ്പെട്ടിരുന്നത് - സാർ ചക്രവർത്തിമാരുടെ ഭാര്യമാർ അറിയപ്പെട്ടിരുന്നത് - സാറിന

റഷ്യൻ വിപ്ലവം നടക്കുമ്പോൾ സാർ ചക്രവർത്തി - നിക്കോളാസ് 2

നിക്കോളാസ് രണ്ടാമനും ഭാര്യയെയും സ്വന്തം സ്വാധീനത്തിൽ നിർത്തിയിരുന്ന കപട സന്യാസി - റാസ്പുട്ടിൻ (കൊട്ടാരത്തിൽ ഉള്ളവർ വിഷം നൽകി കൊന്നു )

ഫ്രഞ്ച് വിപ്ലവത്തിന് പശ്ചാത്തലം പോലെ തന്നെ സാമ്പത്തിക പ്രശ്നങ്ങളും ദാരിദ്ര്യവും ആയിരുന്നു റഷ്യൻ വിപ്ലവത്തിന്റെയും കാരണം.

സാർ ചക്രവർത്തിമാരുടെ ഭരണസമയത്ത് റഷ്യയിൽ ഉടലെടുത്ത തൊഴിലാളിവർഗ പാർട്ടി - റഷ്യൻ സോഷ്യലിസ്റ്റ് ഡെമോക്രാറ്റിക് ലേബർ പാർട്ടി (1898)

1903 ൽ റഷ്യൻ സോഷ്യലിസ്റ്റ് ഡെമോക്രാറ്റിക് ലേബർ പാർട്ടി രണ്ടായി പിരിഞ്ഞു - ബോൾഷെവിക്(അർത്ഥം ഭൂരിപക്ഷം )

മെൻഷെവിക് (അർത്ഥം ന്യൂനപക്ഷം )

super notes. by CIVILIANZ
+91 8281 223 366

ബോൾഷെവിക് പ്രസ്ഥാനത്തിന്റെ തലവൻ - ലെനിൻ

മറ്റൊരു പ്രധാന നേതാവ് - ട്രോട്സ്കി

(റഷ്യയിൽ ചുവപ്പ് സേന രൂപീകരിച്ചത് - ട്രോട്സ്കി )

മെൻഷവിക് പ്രസ്ഥാനത്തിന്റെ നേതാവ് - കെരൻസ്കി

റഷ്യ ജപ്പാൻ യുദ്ധം - **1905 .**

യുദ്ധസമയത്ത് ദാരിദ്ര്യവും സാമ്പത്തിക തകർച്ചയും കൊണ്ട് ബുദ്ധിമുട്ടിയ റഷ്യയിൽ ഒരു പുരോഹിതൻറെ നേതൃത്വത്തിൽ സാർ ചക്രവർത്തിയുടെ കൊട്ടാരത്തിലേക്ക് സമാധാനപരമായ ഒരു പ്രകടനം നടന്നു.സാർ ചക്രവർത്തി ആ കൂട്ടത്തിന് നേരെ പട്ടാളത്തെ അയയ്ക്കുകയും പട്ടാളത്തിൻറെ വെടിവെപ്പിൽ നൂറു കണക്കിന് ആളുകൾ കൊല്ലപ്പെടുകയും ചെയ്തു .ഈ സംഭവം അറിയപ്പെടുന്നത് - ബ്ലഡി സൺഡേ**(1905).**

ഇതിനെതിരെ ജനരോഷം ഉയരുകയും സാർ ചക്രവർത്തി ജനങ്ങളോട് മാപ്പ് അപേക്ഷിക്കുകയും സാർ ചക്രവർത്തി ജനങ്ങളോട് സന്ധി ചേർന്നതിൻറെ ഫലമായി റഷ്യയിൽ ഒരു പാർലമെൻറ് ഉണ്ടാവുകയും ചെയ്തു .റഷ്യൻ പാർലമെൻറ് - ഡ്യൂമ

റഷ്യൻ വിപ്ലവത്തിന്റെ മുന്നൊരുക്കം എന്ന ലെനിൻ വിശേഷിപ്പിച്ചത്

- **1905** ലെ വിപ്ലവം

രണ്ട് ഘട്ടങ്ങളായാണ് റഷ്യൻ വിപ്ലവം അരങ്ങേറുന്നത്

- **1917** ലെ ഫെബ്രുവരി വിപ്ലവം **1917**ലെ ഒക്ടോബർ വിപ്ലവം

റൊട്ടിക്ക് വേണ്ടി ക്യൂ നിന്ന് മടുത്ത സ്ത്രീകളുടെ നേതൃത്വത്തിൽ തൊഴിലാളികളും സാർ ചക്രവർത്തി പ്രകടനം അടിച്ചമർത്താൻ അയച്ച പട്ടാളവും ചേർന്ന് നടത്തിയ വളരെ പെട്ടെന്നുണ്ടായ ജനകീയ വിപ്ലവം

- ഫെബ്രുവരി വിപ്ലവം

super notes. by CIVILIANZ
+91 8281 223 366

വിപ്ലവം നടന്നത് - **1917** മാർച്ച് **12** (റഷ്യൻ കലണ്ടർ ഇംഗ്ലീഷ് കലണ്ടർ നേക്കാൾ ഒരു മാസം പിന്നിലാണ്)

വിപ്ലവകാരികൾ പോലീസ് സ്റ്റേഷനുകൾ,സർക്കാർ ഓഫീസുകൾ,ആയുധ നിർമ്മാണശാലകൾ എന്നിവ പിടിച്ചെടുത്തതോടുകൂടി സാർ ചക്രവർത്തിയുടെ ഭരണം അവസാനിച്ചു .റഷ്യയുടെ പാർലമെന്റ് ആയ ഡ്യൂമ റഷ്യയെ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു

**1917** ലെ ഫെബ്രുവരി വിപ്ലവത്തിനുശേഷം റഷ്യയിൽ നിലവിൽ വന്ന താൽക്കാലിക ഗവൺമെന്റിന്റെ തലവൻ - പ്രിൻസ് ലിവോവ്

ലിവോവിനു ശേഷം റഷ്യയുടെ ഭരണാധികാരി ആയത്

- കെരെൻസ്കി

(വിപ്ലവകാലത്ത് സാർ ചക്രവർത്തി ലെനിനെ സ്വിറ്റ്സർലൻഡിലേക്ക് നാട് കടത്തിയിരുന്നു)

സൂറിച്ചിൽ നിന്നും തിരിച്ചെത്തിയ ലെനിൻ 'ഭക്ഷണം സമാധാനം ഭൂമി' എന്ന മുദ്രാവാക്യതിലൂന്നി തൊഴിലാളികളുടെ സർവ്വാധിപത്യം ഉള്ള റഷ്യയാണ് നമുക്കാവശ്യം എന്ന് പറഞ്ഞ് തൊഴിലാളികളെ സംഘടിപ്പിച്ചു(സോവിയറ്റുകൾ എന്ന പേരിൽ)

**1917** നവംബർ **6** ന് തൊഴിലാളികളുടെയും കർഷകരുടെയും സോവിയറ്റുകളോട് ലെനിൻ വിപ്ലവത്തിന് ആഹ്വാനം ചെയ്തു.അതിനെ തുടർന്നുണ്ടായ വിപ്ലവം അറിയപ്പെടുന്നത് - ഒക്ടോബർ വിപ്ലവം

ഒക്ടോബർ വിപ്ലവത്തിന്റെ ഫലമായി കെരൻസ്കി ഭരണകൂടം താഴെ വീഴുകയും ലെനിന്റെ നേതൃത്വത്തിലുള്ള തൊഴിലാളികൾ റഷ്യയുടെ ഭരണം ഏറ്റെടുക്കുകയും ചെയ്തു

ലെനിനിൻറെ യഥാർത്ഥ പേര് - വ്ലാഡിമിർ ഇല്ലിച് ഉല്യാനോ

യൂണിയൻ ഓഫ് സോഷ്യലിസ്റ്റ് സോവിയറ്റ് റിപ്പബ്ലിക് **(USSR)** സ്ഥാപിതമായത് - **1922** ഡിസംബർ **30**ന്

ലെനിൻ അന്തരിച്ചത് - **1924** ജനുവരി **21**

WHATSAPP TELEGRAM INSTAGRAM YOUTUBE

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചത് - **1848**

രചിച്ചത് - ഫ്രെഡറിക്ക് ഏൻഗൽസ്,കാറൽ മാർക്സ്

കമ്മ്യൂണിസത്തിൻറെ ബൈബിൾ എന്നറിയപ്പെടുന്നത്

- കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ആരംഭിക്കുന്നത് " യൂറോപ്പിനെ ഒരു ഭൂതം ബാധിച്ചിരിക്കുന്നു കമ്മ്യൂണിസത്തിന് ഭൂതം"

അവസാനിക്കുന്നത്" സർവരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ"

കമ്മ്യൂണിസത്തിൻറെ പ്രത്യയശാസ്ത്രപരമായ പുസ്തകം

- ദാസ് ക്യാപ്പിറ്റൽ/മൂലധനം

(കാറൽ മാർക്സ് **1867**)

റഷ്യൻ വിപ്ലവത്തെ വളരെയധികം സ്വാധീനിച്ച സാഹിത്യകാരൻമാർ

- ലിയോ ടോൾസ്റ്റോയ്

മാക്സിം ഗോർക്കി

ദസ്തെ വിസ്കി

ആന്റൺ ചെക്കോവ്

ലിയോ ടോൾസ്റ്റോയിയുടെ കൃതികൾ

- അന്നാ കരിനീന,യുദ്ധവും സമാധാനവും

മാക്സിം ഗോർക്കിയുടെ കൃതി - അമ്മ

ദസ്തെ വിസ്കിയുടെ കൃതി - കുറ്റവും ശിക്ഷയും

പെരുമ്പടവം ശ്രീധരൻ ഒരു സങ്കീർത്തനം പോലെ എന്ന നോവലിൽ നായകനായി വരുന്ന റഷ്യൻ സാഹിത്യകാരൻ - ദസ്തെ വിസ്കി

ആന്റൺ ചെക്കോവിൻറെ ഷോർട്ട് സ്റ്റോറി - വാർഡ് നമ്പർ **6**

ലെനിനെ വിപ്ലവകാരി ആക്കിയ പുസ്തകം എന്ന് ലെനിൻ അവകാശപ്പെടുന്ന കൃതി

റഷ്യൻ വിപ്ലവവുമായി ബന്ധപ്പെട്ട 'ബാറ്റിൽ ഷിപ്പ് പൊട്ടങ്കീൻ' എന്ന നിശബ്ദ സിനിമയുടെ സംവിധായകൻ - സെർഗി ഐസൻസ്റ്റീൻ